**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3098** **07-02-2018 ൽ മറുപടിക്ക്**

**പട്ടയ ഭൂമിയിൽ ഉടമസ്ഥന് അവകാശമുള്ള വൃക്ഷങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേരള ഭൂമിപതിവ് ചട്ടങ്ങൾ 1964, ചട്ടം 9(2) അനുബന്ധം II അനുസരിച്ച് മുൻപ് പ്രാബല്യത്തിൽ ഉണ്ടായിരുന്ന പട്ടയ ഫോറത്തിലെ വ്യവസ്ഥ (1) ജി.ഒ.(പി) നം. 60/2017 തിരുവനന്തപുരം തീയതി 17.08.2017 പ്രകാരം ഒഴിവാക്കിയ ഉത്തരവിന് 1964 മുതൽ മുൻകാല പ്രാബല്യം നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ; | (എ) | ജി.ഒ (പി) നം.60/2017/ആർ.ഡി സർക്കാർ ഉത്തരവ് 17.08.2017 ന് നിലവിൽ വന്നതോടെ 1964-ലെ ചട്ടങ്ങൾ പ്രകാരം നൽകുന്ന പട്ടയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിക്കുന്ന ചന്ദനം ഒഴികെയുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള തടസ്സങ്ങൾ മാറ്റിയിട്ടുള്ളതാണ്. എന്നാൽ അതിൽ ചില പ്രദേശങ്ങൾ പ്രിസർവേഷൻ ഓഫ് ട്രീസ് ആക്റ്റിലെ 5-ാം വകുപ്പ് പ്രകാരം വനം വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്ന വിജ്ഞാപനത്തിൽ ഉൾപ്പെട്ടു വരുന്നതുകാരണം അങ്ങനെയുള്ള പ്രദേശങ്ങളിൽ അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം ഒരു പുതിയ സർക്കാർ ഉത്തരവ് ഇല്ലാതെ തന്നെ 1964 മുതൽ പട്ടയം ലഭിച്ചവർ അന്നു മുതൽ പട്ടയ ഭൂമിയിൽ നട്ടുവളർത്തിയ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം പട്ടയക്കാരന് ഉണ്ടായിരിക്കുമോ; | (ബി) & (സി) | പട്ടയം ലഭിച്ചിട്ടുള്ള ഭൂമിയിലെ മരങ്ങളിലുള്ള ഉടമസ്ഥ അവകാശം 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ ചട്ടം 10 (3), 1986 ലെ കേരള വൃക്ഷങ്ങൾ പരിപാലിക്കൽ ആക്ട് എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസരിച്ചാണ്. |
| (സി) കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964, ചട്ടം 9 (2) പ്രകാരം അനുവദിച്ച പട്ടയ ഭൂമിയിൽ പട്ടയം ലഭിച്ചതിനുശേഷം കർഷകൻ നട്ടുവളർത്തിയതും പട്ടയ ഫോറത്തിൽ റിസർവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ഈട്ടി, തേക്ക് മുതലായ വൃക്ഷങ്ങളുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് ഒരു വിശദീകരണ കുറിപ്പ് പുറപ്പെടുവിക്കുമോ; | | |

| | | |
|---|---|---|
| (ഡി) | പട്ടയ ഭൂമിയിൽ കർഷകന് ഉടമസ്ഥാവകാശമുള്ള വൃക്ഷങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) നിലവിൽ പട്ടയ ഭൂമിയിൽ കർഷകർക്ക് ഉടമസ്ഥാവകാശമുള്ള വൃക്ഷങ്ങളുടെ ലിസ്റ്റ് ഇല്ല. |

**സെക്ഷൻ ഓഫീസർ**